**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6468** **10-07-2024 - ല്‍ മറുപടിയ്ക്ക്**

**എസ്.സി. വിദ്യാര്‍ത്ഥികള്‍ക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിന്‍** | | **ശ്രീ ഒ . ആര്‍. കേളു<br>(പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വരിക്കോലി മുത്തൂറ്റ് ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയന്‍സ് എന്ന സ്ഥാപനത്തില്‍ പ്രവേശനം നേടിയ കുന്നത്തുനാട് മണ്ഡലത്തിലെ രണ്ട് എസ്.സി. വിദ്യാര്‍ത്ഥികള്‍ക്ക് 2021-22 വര്‍ഷത്തെ ഫീസും സ്റ്റൈപെന്റും അനുവദിക്കുന്നതിനായി സമര്‍പ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 അധ്യയന വര്‍ഷം മുതല്‍ പട്ടികജാതി വിഭാഗ വിദ്യാര്‍ത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളര്‍ഷിപ്പ് കേന്ദ്ര സര്‍ക്കാരിന്റെ പുതുക്കിയ മാര്‍ഗ്ഗ നിര്‍ദ്ദേശ പ്രകാരമാണ് വിതരണം ചെയ്യുന്നത്. ഓരോ അധ്യയന വര്‍ഷത്തേയും ഇ-ഗ്രാന്റ്സ് സ്കോളര്‍ഷിപ്പ് അപേക്ഷകള്‍ തീര്‍പ്പാക്കുന്നതിനായുള്ള സമയക്രമം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകള്‍ മുഖേന എല്ലാ സ്ഥാപന മേധാവികളേയും മുന്‍കൂട്ടി അറിയിക്കാറുണ്ട്. കേന്ദ്ര സര്‍ക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളില്‍ സ്ഥാപനങ്ങളില്‍ നിന്നും ഇ-ഗ്രാന്റ്സ് മുഖേന ഓണ്‍ലൈന്‍ അപേക്ഷകള്‍ സമര്‍പ്പിക്കേണ്ടതാണ്.<br><br>വരിക്കോലി മുത്തൂറ്റ് ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയന്‍സ് എന്ന സ്ഥാപനത്തിലെ രണ്ട് പട്ടികജാതി വിദ്യാര്‍ഥികളുടെ 2021-22 അധ്യയന വര്‍ഷത്തെ ഇ-ഗ്രാന്റ്സ് സ്കോളര്‍ഷിപ്പ് ലഭ്യമാകാത്തത് സംബന്ധിച്ച് സ്ഥാപന മേധാവിയുടെ കത്തിന്റെ അടിസ്ഥാനത്തില്‍ ഇ-ഗ്രാന്റ്സ് സൈറ്റ് പരിശോധിച്ചതില്‍ നിന്നും വിദ്യാര്‍ഥികള്‍ 2020-21 ല്‍ അധ്യയന വര്‍ഷം ബി. ടെക് കോഴ്സ് ഒന്നാം വര്‍ഷമായി രജിസ്റ്റര്‍ ചെയ്യുകയും സ്കോളര്‍ഷിപ്പ് നേടുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാല്‍ 2021-22 വര്‍ഷത്തെ സ്കോളര്‍ഷിപ്പ് അപേക്ഷക്കായി നിശ്ചയിച്ച സമയപരിധിക്കുള്ളില്‍ ടി 2 വിദ്യാര്‍ഥികളുടെ സ്കോളര്‍ഷിപ്പ് അപേക്ഷ സ്ഥാപനത്തില്‍ നിന്നും റിന്യൂവല്‍ ചെയ്ത് അയച്ചിരുന്നില്ല. 2021-22 അധ്യയന വര്‍ഷത്തെ ഇ-ഗ്രാന്റ്സ് സ്കോളര്‍ഷിപ്പ് അപേക്ഷകള്‍ സമര്‍പ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ച സാഹചര്യത്തില്‍ പ്രസ്തുത വിദ്യാര്‍ഥികളുടെ ഇ-ഗ്രാന്റ്സ് അപേക്ഷ പരിഗണിക്കുവാന്‍ |

| | | | |
|---|---|---|---|
| | | | കഴിയുകയില്ലായെന്ന് സ്ഥാപന മേധാവിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപ്പീൽ നൽകിയാൽ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | 2021-22 അധ്യയന വർഷം മുതൽ പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് വിതരണം ചെയ്യുന്നത്. ഓരോ അധ്യയന വർഷത്തേയും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കുന്നതിനായുള്ള സമയക്രമം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന എല്ലാ സ്ഥാപന മേധാവികളേയും മുൻകൂട്ടി അറിയിക്കാറുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങളിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.<br><br>വരിക്കോലി മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ് എന്ന സ്ഥാപനത്തിലെ രണ്ട് പട്ടികജാതി വിദ്യാർഥികളുടെ 2021-22 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭ്യമാകാത്തത് സംബന്ധിച്ച് സ്ഥാപന മേധാവിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഇ-ഗ്രാന്റ്സ് സൈറ്റ് പരിശോധിച്ചതിൽ നിന്നും വിദ്യാർഥികൾ 2020-21 ൽ അധ്യയന വർഷം ബി. ടെക് കോഴ്സ് ഒന്നാം വർഷമായി രജിസ്റ്റർ ചെയ്യുകയും സ്കോളർഷിപ്പ് നേടുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ 2021-22 വർഷത്തെ സ്കോളർഷിപ്പ് അപേക്ഷക്കായി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ടി 2 വിദ്യാർഥികളുടെ സ്കോളർഷിപ്പ് അപേക്ഷ സ്ഥാപനത്തിൽ നിന്നും റിന്യൂവൽ ചെയ്ത് അയച്ചിരുന്നില്ല. 2021-22 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് അപേക്ഷ പരിഗണിക്കുവാൻ കഴിയുകയില്ലായെന്ന് സ്ഥാപന മേധാവിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപ്പീൽ നൽകിയാൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ